**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3363** **25-10-2021 - ൽ മറുപടിയ്ക്ക്**

**സർവ്വേ സ്കെച്ചുകൾ ലഭിക്കുന്നതിനുള്ള കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ടും പരാതികൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ടും സ്ഥലത്തിന്റെ സർവ്വേ സ്കെച്ചുകൾ ലഭിക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; അറിയിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ റീസർവ്വെ നടപടികൾ പൂർത്തിയാക്കിയ 909 വില്ലേജുകളുടെ റീസർവ്വെ റിക്കാർഡുകളുടെയും മറ്റ് വില്ലേജുകളുടെ ലഭ്യമായ മുൻ സർവ്വെ റിക്കാർഡുകളുടെയും പകർപ്പുകൾ സർക്കാർ നിശ്ചയിച്ചിട്ടുള്ള നിശ്ചിത ഫീസ് ഈടാക്കിയും, സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയും യഥാസമയം പൊതുജനങ്ങൾക്കും മറ്റ് സർക്കാർ വകുപ്പുകൾക്കും നൽകിവരുന്നു. |
| (ബി) | കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ടും പരാതികൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ടും ലഭിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നിലവിലെ സർവ്വേയർമാരുടെ തസ്തികകൾ പര്യാപ്തമാണോ; അല്ലെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (ബി) | സർവ്വെ സംബന്ധിച്ച പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നിലവിലെ സർവ്വേയർമാരുടെ തസ്തികകൾ അപര്യാപ്തമാണ്. ഇത് പരിഹരിക്കുന്നതിനായി ഡ്രാഫ്റ്റ്സ്മാൻമാരുടെ 110 തസ്തികകൾ സർവ്വെയർ തസ്തികകളായി പരിവർത്തനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ